കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കണ്ണൂർ ജില്ല - കാലാവർഷക്കെടുതിമൂലം നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക് ആശ്വാസ ധനസഹായം - അധിക തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡിആർഎഫ്-ബി) വകുപ്പ്

ജി.ഒ. (ആർ.റ്റി) നമ്പർ: 4021/ 2018/ റവ. തിരുവനന്തപുരം, തീയതി : 01.10.2018

പരാമർശം : 1. 16.08.2018 ലെ സ.ഉ (കൈ) നം.13/ 2018/ ദു.നി.വ.
2. 24.08.2018 ലെ സ.ഉ (കൈ) നം.314/ 2018/ റവ.
3. 01.09.2018 ലെ ജി.ഒ.(ആർ.റ്റി) നം.3620/ 2018/ റവ.
4. 12.09.2018 ലെ ജി.ഒ(ആർ.റ്റി) നം.3830/ 2018/ റവ.
5. കണ്ണൂർ ജില്ലാ കളക്ടറുടെ 28.09.2018 ലെ DC KNR 4125/ 2018/ DM1 നമ്പർ കത്ത്.

## ഉത്തരവ്

കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക് ആശ്വാസ ധനസഹായമായി 10,000/- രൂപ സർക്കാർ പ്രഖ്യാപിക്കുകയും അതിൽ 6,200/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവാകുകയും ചെയ്തിരുന്നു. തുടർന്ന് 14 ജില്ലകളിലെ 3,91,494 കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ആകെ 242.73 കോടി രൂപ ആശ്വാസ ധനസഹായം അനുവദിച്ച് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

2. പരാമർശം (2), (3), (4) പ്രകാരം കണ്ണൂർ ജില്ലയിലെ 160 കുടുംബങ്ങൾക്കായി അനുവദിച്ച 9,92,000/- രൂപ വിതരണം ചെയ്തിട്ടുണ്ടെന്നും, 133 കുടുംബങ്ങൾക്കും കൂടി ആശ്വാസ ധനസഹായത്തിന് അർഹതയുണ്ടെന്നും അതിനാൽ തുക അനുവദിച്ച് നൽകണമെന്ന പരാമർശം (5) ലെ കണ്ണൂർ ജില്ലാ കളക്ടറുടെ ശുപാർശ പരിഗണിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ആയതിലേയ്ക്കായി **8,24,600/- (എട്ട് ലക്ഷത്തി ഇരുപത്തി നാലായിരത്തി അറുനൂറ്) രൂപ** കൂടി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. വിതരണത്തിനാവശ്യമായി വരുന്ന **8,24,600/- രൂപ (എട്ട് ലക്ഷത്തി ഇരുപത്തി നാലായിരത്തി അറുനൂറ് രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും കണ്ണൂർ ജില്ലാ കളക്ടർക്ക് നൽകേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ഗീത എൽ
സ്പെഷ്യൽ സെക്രട്ടറി

ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കണ്ണൂർ
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്, വികാസ് ഭവൻ, തിരുവനന്തപുരം.

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്സിന്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, കണ്ണൂർ (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
ധനകാര്യ (ഫണ്ട്സ് ) വകുപ്പ്
റവന്യൂ (ഡി.ആർ.എഫ് - എ / സി) വകുപ്പ്
ദുരന്ത നിവാരണ (എ / ബി) വകുപ്പ്
ഐ & പിആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

T. [signature]

സെക്ഷൻ ഓഫീസർ

# കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - വയനാട് ജില്ല - കാലവർഷക്കെടുതി മൂലം നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക് ആശ്വാസ ധനസഹായം - (അപ്പീൽ കേസുകളിൽ) - വിതരണം ചെയ്യുന്നതിലേക്കായി അധിക തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

## റവന്യൂ (ഡി.ആർ.എഫ്. - ബി) വകുപ്പ്

സ.ഉ. (സാധാ) നം. 4019/2018/റവ. തിരുവനന്തപുരം, തീയതി, 01.10.2018.

==========================================================================

പരാമർശം:- 1. സ.ഉ. (കൈ) നം. 13/2018/ദുനിവ., തീയതി, 16.08.2018.
2. സ.ഉ. (കൈ) നം. 314/2018/റവ., തീയതി, 24.08.2018.
3. വയനാട് ജില്ലാ കളക്ടറുടെ 13.9.2018 -ലെ DCWYD 7877/18/H2 നമ്പർ കത്ത് .
4. സ. ഉ. (സാധാ ) നം. 3835 /2018/റവ., തീയതി, 13.9.2018.
5. വയനാട് ജില്ലാ കളക്ടറുടെ 29.9.2018 -ലെ DCWYD 7877/18/H2 നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം (1) പ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക് ആശ്വാസ ധനസഹായമായി 10,000/- രൂപ സർക്കാർ പ്രഖ്യാപിക്കുകയും അതിൽ 6,200/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും നൽകുന്നതിനായി ഉത്തരവാകുകയും ചെയ്തിരുന്നു തുടർന്ന് 14 ജില്ലകളിൽ 3,91,494 കുടുംബങ്ങൾക്ക് ആകെ 242.73 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും പരാമർശം 2 പ്രകാരം ആശ്വാസ ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു

2. വയനാട് ജില്ലാ കളക്ടറുടെ പരാമർശം (3) ലെ ശുപാർശ പരിഗണിച്ച് പരാമർശം (2) പ്രകാരം വയനാട് ജില്ലയിലെ 6792 കുടുംബങ്ങൾക്കായി അനുവദിച്ച 4,21,10,400/- (നാല് കോടി ഇരുപത്തിയൊന്ന് ലക്ഷത്തി പതിനായിരത്തി നാന്നൂറു രൂപ മാത്രം) രൂപക്ക് പുറമെ 536 കുടുംബങ്ങൾക്ക് കൂടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുംപരാമർശം (4) പ്രകാരം 33,23,200/- (മുപ്പത്തി മൂന്നു ലക്ഷത്തി ഇരുപത്തി മൂന്നായിരത്തി ഇരുന്നൂറു ) രൂപ ആശ്വാസ ധനസഹായമായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു

3. പരാമർശം (5) പ്രകാരം വയനാട് ജില്ലയിലെ പ്രളയ ദുരിത ബാധിതർക്ക് ധനസഹായം വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച അപ്പീൽ കേസുകളിൽ അർഹതപ്പെട്ട ഗുണഭോക്താക്കൾക്ക് നൽകുന്നതിനായി 555 കുടുംബങ്ങൾക്ക് 6,200/- രൂപ നിരക്കിൽ 34,41,000/- രൂപ അനുവദിക്കണമെന്ന് അപേക്ഷിച്ചിരുന്നു. ജില്ലാ കളക്ടറുടെ അപേക്ഷ പരിഗണിച്ച് വയനാട് ജില്ലയിലെ പ്രളയ ദുരിത ബാധിതർക്ക് ധനസഹായം വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ലഭിച്ച അപ്പീൽ കേസുകളിൽ അർഹതപ്പെട്ട 555 കുടുംബങ്ങൾക്ക് 6,200/- രൂപ നിരക്കിൽ 34,41,000/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു

4. വിതരണത്തിനാവശ്യമായിവരുന്ന 34,41,000/- രൂപ (മുപ്പത്തി നാല് ലക്ഷത്തി നാല്പത്തി ഒന്നായിരം രൂപ മാത്രം) *"2075-00-800-40 Contribution to Chief Minister's Distress Relief Fund (NP)"* എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T. P. 80 അക്കൗണ്ടിൽ നിന്നും തുക ബന്ധപ്പെട്ട വയനാട് ജില്ലാ കളക്ടർക്ക്

അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഗീത. എൽ,
സ്പെഷ്യൽ സെക്രട്ടറി.

ലാന്റ് റവന്യൂ കമ്മിഷണർ, തിരുവനന്തപുരം
ജില്ല കളക്ടർ, വയനാട്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഒബ്സർവേറ്ററി ഹിൽസ്
വികാസ് ഭവൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ജില്ലാ ട്രഷറി ഓഫീസർ, വയനാട് (ട്രഷറി ഡയറക്ടർ തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ & ഇ ) കേരള തിരുവനന്തപുരം
റവന്യൂവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
റവന്യൂ (ഡി ആർ എഫ് - എ, സി) വകുപ്പ്
ദുരന്ത നിവാരണ (എ, ബി ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,
T. [signature]
സെക്ഷൻ ഓഫീസർ.

കേരള സർക്കാർ

**സംഗ്രഹം**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - കാലവർഷക്കെടുതിമൂലം നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക് ആശ്വാസ ധനസഹായം വിതരണം ചെയ്യുന്നതിലേയ്ക്കായി തൃശ്ശൂർ ജില്ലാ കളക്ടർ ആവശ്യപ്പെട്ട അധിക തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================

## റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

സ.ഉ. (സാധാ) നം. **4020/2018/റവ.** തിരുവനന്തപുരം, തീയതി, 01.10.2018.

==========================================

പരാമർശം:- 1. സ.ഉ. (കൈ) നം. 13/2018/ദു.നി.വ. തീയതി, 16.08.2018.

2. സ.ഉ. (കൈ) നം. 314/2018/റവ., തീയതി, 24.08.2018.

3. സ.ഉ. (സാധാ) നം. 3634/2018/റവ., തീയതി, 01.09.2018.

4. സ.ഉ. (സാധാ) നം. 3766/2018/റവ., തീയതി, 07.09.2018.

5. സ.ഉ. (സാധാ) നം. 4004/2018/റവ., തീയതി, 29.09.2018.

6. തൃശ്ശൂർ ജില്ലാ കളക്ടറുടെ 29.09.2018-ലെ കെ.3-704/2018 നമ്പർ കത്ത്.

## ഉത്തരവ്

പരാമർശം (1) പ്രകാരം കാലവർഷക്കെടുതിയിൽ നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക് ആശ്വാസ ധനസഹായമായി 10,000/- രൂപ സർക്കാർ പ്രഖ്യാപിക്കുകയും അതിൽ 6,200/- രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകുന്നതിനായി ഉത്തരവാകുകയും ചെയ്തിരുന്നു. തുടർന്ന് 14 ജില്ലകളിലെ 3,91,494 കുടുംബങ്ങൾക്ക് ആകെ 242.73 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പരാമർശം (2) പ്രകാരം ആശ്വാസ ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.കൂടാതെ പരാമർശം (3) ഉത്തരവ് പ്രകാരം 36,53,72,200 രൂപയും, പരാമർശം (4) ഉത്തരവ് പ്രകാരം 3,68,09,400/- രൂപയും, പരാമർശം (5) പ്രകാരം 9,52,81,600/- കൂടി തൃശ്ശൂർ ജില്ലാ കളക്ടർക്ക് അനുവദിക്കുകയുണ്ടായി.

2. അനുവദിച്ച ധനസഹായത്തിന് പുറമേ അർഹരായ 765 കുടുംബങ്ങൾക്ക് കൂടി 6,200/- രൂപ വീതം നൽകുന്നതിന് 47,43,000/- രൂപ (നാൽപ്പത്തേഴ ലക്ഷത്തി നാൽപ്പത്തിമൂവായിരം രൂപ മാത്രം) ആവശ്യമുണ്ടെന്ന് പരാമർശം (6) പ്രകാരം തൃശ്ശൂർ ജില്ലാ കളക്ടർ അഭ്യർത്ഥിച്ചു. മേൽ സാഹചര്യത്തിൽ താഴെ പറയുന്ന രീതിയിൽ തൃശ്ശൂർ ജില്ലയിലെ 765 കുടുംബങ്ങൾക്ക് കൂടി ആകെ 47,43,000/- രൂപ (നാൽപ്പത്തേഴ ലക്ഷത്തി നാൽപ്പത്തിമൂവായിരം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ജില്ല | കുടുംബങ്ങളുടെ എണ്ണം | CMDRF-ൽ നിന്നും 6,200/- രൂപ നിരക്കിൽ ആകെ തുക |
|---|---|---|
| തൃശ്ശൂർ | 765 | 47,43,000/- രൂപ |